സംസ്ഥാന സഹകരണ ബാങ്ക് ഹെഡ് ഓഫീസും ബ്രാഞ്ചുകളും കോർ ബാങ്കിംഗ് നിലവാരത്തിൽ കമ്പ്യൂട്ടർവൽക്കരിക്കാനുള്ള പദ്ധതി

*2 [605] *ശ്രീ. മഞ്ഞളാംകുഴി അലി :*

,, *കോടിയേരി ബാലകൃഷ്ണൻ :*

,, *ടി. കെ. ദേവകുമാർ :*

,, *എം. വി. ഗോവിന്ദൻ മാസ്റ്റർ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സഹകരണ ബാങ്ക് ഹെഡ് ഓഫീസും ബ്രാഞ്ചുകളും കോർ ബാങ്കിംഗ് നിലവാരത്തിൽ കമ്പ്യൂട്ടർവൽക്കരിക്കാനുള്ള പദ്ധതി നടപ്പിൽ വരുത്തിയിട്ടുണ്ടോ;

(ബി) കമ്പ്യൂട്ടർവൽക്കരണ പദ്ധതിക്ക് മൊത്തം എത്ര തുക ചെലവ് പ്രതീക്ഷിക്കുന്നു;

(സി) പദ്ധതി സംബന്ധിച്ച കരാർ പ്രകാരം കമ്പ്യൂട്ടർവൽക്കരണത്തിന്റെ ഒന്നാം കരാർ തുക എത്ര;

(ഡി) ബാങ്ക് കരാർ എടുത്ത കമ്പനിക്ക് ഇതിനകം നൽകിയ അഡ്വാൻസ് തുക എത്ര;

(ഇ) കരാർ വ്യവസ്ഥകളെക്കുറിച്ചോ കരാർ നൽകിക്കൊണ്ടുള്ള തീരുമാനങ്ങളെക്കുറിച്ചോ ഏതെങ്കിലും നിലയിലുള്ള പരാതികളുണ്ടായിട്ടുണ്ടോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി *(ശ്രീ. എം. വി. രാഘവൻ)* :

(എ) ഉണ്ട്.

(ബി) 8 കോടി രൂപ (എട്ട് കോടി രൂപ) ചെലവ് പ്രതീക്ഷിക്കുന്നതായി ബാങ്ക് അറിയിച്ചിട്ടുണ്ട്.

(സി) 2.40 കോടി രൂപ.

(ഡി) 139.65 ലക്ഷം രൂപ.

(ഇ) വിപ്രോ എന്ന കമ്പനിയുടെ പരാതി കിട്ടിയിട്ടുണ്ട്.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, സോഫ്റ്റ് വെയറിന്റെ ചെലവ്, പരിശീലനത്തിന്റെ ചെലവ്, നിർവഹണത്തിന്റെ ചെലവ്, സർവ്വീസ് ചാർജ്ജ് എന്നിവ തരംതിരിച്ച് എത്രയാണെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം .വി. രാഘവൻ : സർ, തരംതിരിച്ച കണക്ക് എന്റെ കൈയിലില്ല. അതിന് പ്രത്യേക നോട്ടീസ് വേണം.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, C-DIT, Information Kerala Mission, സഹകരണമേഖലയിൽത്തന്നെയുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജുമെന്റ്, കെൽട്രോൺ തുടങ്ങിയ ഒട്ടേറെ പ്രമുഖ സ്ഥാപനങ്ങൾ കേരളത്തിൽത്തന്നെ സോഫ്റ്റ്വെയർ ഡെവലപ് ചെയ്യുന്നുണ്ട്. കേരളത്തിൽ പ്രൈമറി ബാങ്കുകളിൽ ഇത്തരം സോഫ്റ്റ് വെയറുകളാണ് ഉപയോഗിക്കുന്നതും. അവരോടൊന്നും കൺസൾട്ട് ചെയ്യാതിരുന്നത് എന്തുകൊണ്ടാണ്? ടെന്റർ ഇവാലുവേഷൻ നടത്തുന്ന കമ്മിറ്റിയിൽ അവർക്ക് അവസരം നൽകുകയോ അവരുമായി ചർച്ച ചെയ്യുകയോ ചെയ്തിട്ടുണ്ടോ?

ശ്രീ. എം. വി. രാഘവൻ : സർ, പരസ്യമായി ദർഘാസ് വിളിച്ചിട്ടാണ് ഇതിന്റെ പണി ഏൽപ്പിച്ചിരിക്കുന്നത്. കേന്ദ്ര സർക്കാർ സ്ഥാപനമായ C-DAC ആണ് ഇത് തയ്യാറാക്കിയിട്ടുള്ളത്. അങ്ങനെ തയ്യാറാക്കിയതിന്റെ അടിസ്ഥാന ത്തിലാണ് ദർഘാസ് വിളിച്ചിട്ടുള്ളത്. അതിന്റെയടിസ്ഥാനത്തിലാണ് ടെന്റർ കൊടുത്തിട്ടുള്ളത്.

ശ്രീ. ടി. കെ. ദേവകുമാർ : സർ, കെട്ടിടം പണിയുന്നതിനുമുൻപ് എ.സി. വാങ്ങിച്ചുവച്ചതിന്റെ ദുരിതമാണ് നമ്മൾ ഇപ്പോൾ ഈ നിയമസഭയിൽ അനുഭവിച്ചുകൊണ്ടിരിക്കുന്നത്. നിയമസഭാ മന്ദിരം പണിയുന്നതിനുമുൻപ് എ.സി. വച്ചതുകൊണ്ടാണ് ഇപ്പോൾ തകരാറിലായിരിക്കുന്നതെന്നാണ് അറിയുന്നത്. സോഫ്റ്റ്വെയർ ഡെവലപ് ചെയ്യുന്നതിനുമുൻപായി ഹാർഡ്വെയർ വാങ്ങി വച്ചുകഴിഞ്ഞാൽ, നമുക്കുണ്ടായ ഒരനുഭവം ഞാൻ സൂചിപ്പിച്ചതാണ്. സോഫ്റ്റ് വെയർ ശരിയാക്കിയതിനുശേഷമല്ലേ ഏറ്റവും ലേറ്റസ്റ്റായ ഹാർഡ്വെയർ വാങ്ങിക്കേണ്ടത്. ഈ സോഫ്റ്റ്വെയർ ഡെവലപ് ചെയ്യുന്നതിനുമുൻപുതന്നെ ഹാർഡ്വെയർ വാങ്ങുന്നതിന് ഏർപ്പാടായിരിക്കുന്നുവെന്ന് അറിയുന്നു. അതിനെക്കുറിച്ച് വ്യക്തമായ ഒരു മറുപടി പറയുമോ?

ശ്രീ. എം. വി. രാഘവൻ : നിയമസഭാ മന്ദിരത്തിൽ എ.സി. വാങ്ങിച്ചത് ശ്രീ. എം. വിജയകുമാറാണ്. ഞാൻ നേരത്തെ പറഞ്ഞതുപോലെ ദർഘാസുകൾ ക്ഷണിച്ചിട്ടുണ്ട്. ആ ദർഘാസിന്റെ അടിസ്ഥാനത്തിൽ സാങ്കേതികവും സാമ്പത്തികവുമായ വിവരങ്ങളടങ്ങിയ രണ്ട് ഭാഗങ്ങളാണ് സമർപ്പിക്കേണ്ടത്. സാങ്കേതിക ഭാഗം പരിശോധിച്ച് ഗവൺമെന്റ് നിശ്ചയിച്ച മാനദണ്ഡങ്ങൾ പാലിച്ചവരുടെ ദർഘാസുകൾ മാത്രമേ പരിഗണിക്കുകയുള്ളൂ.. അങ്ങനെയാണ് ദർഘാസ് അംഗീകരിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ദേവകുമാർ : സർ, ഞാൻ ചോദിച്ചത് 4.39 കോടി രൂപയുടെ നെസ്റ്റിന്റെ കരാർ ആറ് കോടി രൂപയായി വർദ്ധിച്ചിരിക്കുന്നതായി മനസ്സിലാക്കുന്നു. അത് ശരിയാണോ? എങ്കിൽ അങ്ങനെ വർദ്ധിപ്പിച്ചതിന്റെ കാരണമെന്തെന്ന് വിശദീകരിക്കുമോ?

ശ്രീ. എം. വി. രാഘവൻ : സർ, ഞാൻ നേരത്തെ പറഞ്ഞു കമ്പ്യൂട്ടർ വൽക്കരണ പദ്ധതിക്ക് മൊത്തം 8 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. അതിനുള്ള അഡ്വാൻസാണ് 139.65 ലക്ഷം രൂപ.

ശ്രീ. എം.വി. ജയരാജൻ : സർ, നമ്മുടെ സംസ്ഥാന സഹകരണ ബാങ്കിൽ കമ്പ്യൂട്ടർവൽക്കരണം നടത്തിയപ്പോൾ ബാങ്കിംഗ് മേഖലയിൽ സമാന രീതിയിൽ കമ്പ്യൂട്ടർവൽക്കരണം നടത്തിയ സ്ഥാപനങ്ങളുടെ അനുഭവമൊന്ന് പരിശോധിക്കുന്നത് നന്നായിരിക്കുമെന്നാണ് തോന്നുന്നത്. നാഷണലൈസ്ഡ് ബാങ്കുകൾ കമ്പ്യൂട്ടറൈസേഷൻ നടത്തിയിട്ടുണ്ട്. ബാങ്കിംഗ് സോഫ്റ്റ്വെയറാണ് അവർ രൂപപ്പെടുത്തിയത്. അവർ അത് പരിശോധിക്കാൻ വേണ്ടി ഒരു എക്സ്പെർട്ടിനെ ഉദ്യോഗസ്ഥനായിട്ട് നിയമിച്ചുകൊണ്ട് പരിശോധിക്കുകയും ചെയ്യുന്നുണ്ട്. പക്ഷെ സംസ്ഥാന സഹകരണ ബാങ്ക് ഇപ്പോൾ ചെയ്യുന്നത് ആർക്കാണോ നമ്മൾ ടെന്റർ കൊടുത്തത് ആ സ്ഥാപനത്തിന്റെ ഉദ്യോഗസ്ഥനെത്തന്നെ എക്സ്പെർട്ടായി വയ്ക്കുകയാണ്. അപ്പോൾ ആ ഉദ്യോഗസ്ഥൻ എന്താണോ ടെക്നിക്കലായിട്ട് ഉപദേശം നൽകുന്നത് ആ ഉപദേശത്തിനനുസരിച്ച് സാധനങ്ങൾ വാങ്ങിക്കൂട്ടുകയാണ്. അപ്പോൾ അതൊഴിവാക്കി സംസ്ഥാന സഹകരണ ബാങ്കുപോലെ, കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു ബാങ്കിംഗ് സ്ഥാപനം ഈ രംഗത്ത് ഈ ബാങ്കിന്റെ തന്നെ ഒരു ഉദ്യോഗസ്ഥനെ വച്ചുകൊണ്ട് കമ്പ്യൂട്ടർവൽക്കരണം നടത്താനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എം. വി. രാഘവൻ : സർ, ഉദ്യോഗസ്ഥൻമാരെ നിയമിച്ചതായിട്ട് എനിക്ക് അറിയില്ല. ബഹുമാനപ്പെട്ട മെമ്പർ പറയുന്നത് അവിടെയുള്ള ഉദ്യോഗസ്ഥൻമാരെ തന്നെ കംപ്യൂട്ടർ നടത്താൻവേണ്ടി ഏൽപ്പിച്ചു എന്നാണ്, പിന്നെ പറയുന്നത് അവിടെ തന്നെ സ്ഥിരം ഒരാളെ നിയമിച്ചു എന്ന്. അദ്ദേഹം പറഞ്ഞതു തന്നെ പരസ്പരവിരുദ്ധമായിട്ടാണ് എനിക്ക് തോന്നുന്നത്.

ശ്രീ. എം. വി. ജയരാജൻ : സർ, അങ്ങ് ഇത് ശ്രദ്ധിക്കാത്തതുകൊണ്ടാണ്. അവിടെ ഇപ്പോഴുള്ള ആളുകൾ NEST-ന്റെ ആളുകളാണ്. ബാങ്കിന് യാതൊരു അഡ്മിനിസ്ട്രേറ്റീവ് കൺട്രോളുമില്ല. ബാങ്കിന്റെ ജീവനക്കാരനല്ല. സോഫ്റ്റ്വെയർ ഡെവലപ് ചെയ്യുന്നതിനുവേണ്ടിയോ കംപ്യൂട്ടർവൽക്കരണം നടപ്പിലാക്കുന്നതിനുവേണ്ടിയോ സംസ്ഥാന സഹരണ ബാങ്ക് ജീവനക്കാരെ ഏൽപ്പിച്ചിട്ടില്ല. നിങ്ങൾ ഏത് കമ്പനിക്കാരനാണോ കരാർ കൊടുത്തത് ആ കമ്പനിയുടെ ആളാണ്.

LIBRARY ARCHIVES Kerala Legislative Assembly

അതിന് പകരം എന്തുകൊണ്ട് ബാങ്കിൽ തന്നെ എടുത്തുകൂടാ എന്നുള്ളതാണ് എന്റെ ചോദ്യം. എന്റെ രാണ്ടാമത്തെ ചോദ്യത്തിന്റെ മറുപടി പറയുന്നതിന്റെ കൂട്ടത്തിൽ അങ്ങ് മറുപടി പറഞ്ഞാൽ മതി.

ചോദ്യം-2 : കംപ്യൂട്ടർവൽക്കരണത്തിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് ബാങ്കിംഗ് മേഖലയിലുള്ള Software solution തയ്യാറാക്കുമ്പോൾ Data lab വേണം എന്നത്. ഇത് Nationalised Bank കളിൽ എല്ലാം കാണാൻ കഴിയുന്ന ഒരു കാര്യമാണ്. മാത്രമല്ല, കേരളത്തിൽ തന്നെ ജില്ലാ ബാങ്കുകളിൽ പ്രമുഖ ബാങ്കുകൾ Data lab, Software-ന്റെ കൂടെ തന്നെ അവിടെ സ്ഥാപിക്കുകയും കരാറിൽ അത് ഉൾപ്പെടുത്തിയിരിക്കുകയുമാണ്. എന്നാൽ ഇപ്പോൾ സംസ്ഥാന സഹകരണ ബാങ്ക് Data lab ഉൾപ്പെടുത്തിക്കൊണ്ടല്ല കരാറിൽ ഏർപ്പെട്ടിരിക്കുന്നത് എന്നാണ് മനസ്സിലാക്കുന്നത്. അതിനുപകരം I.T. Mission-നുമായി Data lab ഉപയോഗിക്കുന്നതിനുവേണ്ടി അവർക്ക് വാടക നിശ്ചയിച്ച് തുക കൊടുത്തുകൊണ്ട് നടപടി സ്വീകരിക്കുകയാണ്. . എന്നാൽ Data lab കൂടി ഏത് സ്ഥാപനത്തിനാണോ കരാർ നൽകിയത് ആ കരാർ നൽകിയ സ്ഥാപനം അവിടെ വയ്ക്കേണ്ടതല്ലേ? അത് എന്തുകൊണ്ടാണ് Data lab സ്വന്തമായിട്ട് തന്നെ ഈ കരാറിൽ ഉൾപ്പെടുത്തി വാങ്ങാതിരുന്നത്?

ശ്രീ. എം. വി. രാഘവൻ : Data Lab ഇല്ല എന്ന് പറഞ്ഞത് തെറ്റാണ്. എനിക്ക് കിട്ടിയ വിവരം അനുസരിച്ച് Co-Bank സ്ഥാപിച്ചിട്ടുള്ള Data Centre-ന്റെ സേവനം സ്റ്റേറ്റിലെ ബ്രാഞ്ചുകൾക്ക് മാത്രമല്ല, ജില്ലാ ബാങ്കുകൾക്കുകൂടി കൊടുക്കാൻ അവർ തയ്യാറാണ്. അങ്ങനെ വന്നാൽ 160 ലക്ഷം രൂപ ജില്ലാ ബാങ്കുകൾക്ക് ലാഭിക്കാം എന്നാണ് പറയുന്നത്.

കാർഷിക വായ്പകളുടെ മാനദണ്ഡങ്ങൾ ലഘൂകരിക്കാൻ നടപടി

*3 [606] *ശ്രീ. എൻ. ഡി. അപ്പച്ചൻ :*
,, ടി. യു. രാധാകൃഷ്ണൻ :
,, എം. എ. ചന്ദ്രശേഖരൻ :
,, എം. എ. വാഹീദ് :
,, വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക വായ്പകളുടെ നടപടിക്രമങ്ങൾ ലഘൂകരിക്കുവാൻ ഉദ്ദേശമുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുവേണ്ടി എന്തെല്ലാം നടപടികളെടുക്കാനുദ്ദേശിക്കുന്നു;

LIBRARY ARCHIVES Kerala Legislative Assembly